ബി.2/39937/2011/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,
തീയതി 07.03.2014

സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - അദ്ധ്യാപക നിയമനങ്ങൾ റഗുലറൈസ് ചെയ്യുന്നത് - സംബന്ധിച്ച്-

സൂചന:- 29.11.2013-ലെ AA & VW Additional (1) 9000/2013/GW നമ്പരായുള്ള കെ.പി.എസ്.സി, തിരുവനന്തപുരത്തു നിന്നുമുള്ള കത്ത്.

14.12.2010-നോ അതിനുശേഷമോ പി.എസ്.സി.അഡ്വൈസ് ചെയ്ത് ജോലിയിൽ പ്രവേശിച്ചിട്ടുള്ള അദ്ധ്യാപകരുടെ നിയമനം ക്രമീകരിക്കുന്നതിനായി പേഴ്സണൽ മെമ്മോറാണ്ടം അയയ്ക്കുന്നതിനോടൊപ്പം പി.എസ്.സിയിൽ അഡ്വൈസിനോടൊപ്പം നൽകിയിട്ടുള്ള ഐ.ഡി.പകർപ്പും അയച്ചു തരേണ്ടതാണ്. പി.എസ്.സി.നിയമന ശിപാർശ പ്രകാരം 14.12.2010 മുതൽ ഒരേ ഉദ്യോഗസ്ഥൻ തന്നെ വിവിധ തസ്തികകളിൽ (ഗസറ്റഡ് / നോൺ ഗസറ്റഡ് ) ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ ( ഈ വകുപ്പിൽ അല്ലെങ്കിൽ കൂടി ) പ്രസ്തുത നിയമനം സംബന്ധിച്ച് വിവരം കൂടി ഇതോടൊപ്പം നൽകുന്ന പ്രൊഫോർമയിൽ രേഖപ്പെടുത്തി നൽകേണ്ടതാണ്. നോൺ ഗസറ്റഡാണ് മുൻ തസ്തികയെങ്കിൽ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ള സർവ്വീസ് ബുക്കിലെ പേജിന്റെ പകർപ്പ് കൂടാതെ മേൽ വിലാസം, പേഴ്സണൽ ഐഡന്റിഫിക്കേഷൻ റിമാർക്സ്, വിരലടയാളം, ഒപ്പ് ആയതുമായി ബന്ധപ്പെട്ട സർവ്വീസ് രേഖകളുടെ പകർപ്പുകൾ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്. ജോലി ചെയ്തിരുന്ന തസ്തിക, ജോലിയിൽ പ്രവേശിച്ച തീയതി എന്നിവ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് ബുക്കിന്റെ പ്രസ്തുത പേജുകളുടെയും, ഐ.ഡിയുടെയും പകർപ്പുകളും നൽകേണ്ടതാണ്. ഈ വിവരങ്ങൾ വിഷയം തിരിച്ച് ഈ കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതാണ്. 30.08.2013-ലെ ഇതേ നമ്പർ സർക്കുലർ പ്രകാരം ആവശ്യപ്പെട്ട പേഴ്സണൽ മെമ്മോറാണ്ടം സമർപ്പിച്ചിട്ടില്ലാത്തവർ ഇതോടൊപ്പം സമർപ്പിക്കേണ്ടതാണ്. കോളേജുകളിൽ നിന്നും നേരിട്ട് പി.എസ്.സിയ്ക്ക് നിയമന പരിശോധന രേഖകൾ അയയ്ക്കരുതെന്നും അറിയിക്കുന്നു

ഒപ്പ്,
ഡോ.പി.കെ.വേലായുധൻ.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ.

പകർപ്പ്

എ, ബി. വിഭാഗങ്ങളിലെ എല്ലാ സീറ്റുകളിലേയ്ക്കും.

/ അംഗീകാരത്തോടെ /

സൂപ്രണ്ട്.

എസ്.വി. 10.03.2014

## STATEMENT SHOWING DETAILS OF EMPLOYEES WHOSE SERVICE VERIFICATION IS PENDING FOR THE PERIOD FROM 14.12.2010 ONWARDS

| SL.NO. | Name of Employee | | Name of Post | Advice letter No & Date | Appointment Order No & Date | Date of Joining duty | *Details of prior service if any. [ Advice w.e.f. 14.12.2010] (Name of post, Department, Date of Joining, Date of relieving, Advice letter No, Appointment order no etc. |
|---|---|---|---|---|---|---|---|
| 1 | In English | | | | | | |
| | In Malayalam | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

Signature

(Name and Designation of appointing authority)

(Office Seal)

NB:- * Details of appointments based on advice letters with effect from 14.12.2010 only be mentioned in this column